Malayalam

# അപകടകരമായ പാമ്പ്



**Stories speak...!**

Stories are the heartbeat of life, weaving together the bittersweet moments that shape our existence. They ignite our spirit, empower us to face life's challenges, and guide us through the complexities of the world. From the digital age to women's rights, from nature conservation to the pursuit of livelihood, and from embracing life's trials to exercising our right to vote – these stories illuminate the path to a meaningful life. Stories woven around 'Critical Life Skills' not only entertain but also cultivate wisdom, enhance our reasoning, and teach us the art of making informed and thoughtful decisions. Step into the narrative, reflect deeply, and let the stories lead you forward!

**Coordinator:** Prof. Usha Sharma, Professor & In-charge, Cell for National Centre for Literacy, NCERT, New Delhi

**Writer:** Dr. Mohd. Sajid Khan

**Illustrations:** Megha Arun

**Typography:** Gaurav Choudhary, Assistant Professor, Animation & Multimedia Department, BIT Jaipur

**Layout:** Mohd. Nazim, Designer

**Translation:** Central Institute of Indian Languages, Mysore

**Reviewer:** Dr. Meenakshi Khar, Associate Professor, Department of Social Science and Humanities, RIE Ajmer

**Guidance:** Prof. Nina Sabnani, Animator and Guest Faculty, Department of Design, IIT Hyderabad

**Acknowledgements:**

Akshay Kumar Dixit, Mentor Teacher, Delhi Administration

Bhawna Khera, Junior Project Fellow, Cell for National Centre for Literacy, NCERT

Dr. Vibhuti Pandya, Head, Animation & Multimedia Department, BIT Jaipur

Gautam Goswami, Assistant Professor, Animation & Multimedia Department, BIT Jaipur

**IIT Hyderabad:** Dr. Prasad S. Onkar, Associate Professor and Head, Department of Design; Prof. Deepak John Matthew, Professor, Department of Design; Delwyn Jude Remedios, Assistant Professor, Department of Design; Ankita Roy, Assistant Professor, Department of Design; Dr. Mohd. Shahid, Assistant Professor, Department of Design; Dr. Saurav Deori, Assistant Professor, Department of Design; Dr. Shuhita Bhattacharjee, Assistant Professor, Department of Liberal Arts

Mohd. Shah Alam, Senior Consultant (ICT), Cell for National Centre for Literacy, NCERT

Shyam Singh Sushil, Writer

# അപകടകാരിയായ പാമ്പ്

**രചന**

ഡോ. മുഹമ്മദ് സാജിദ് ഖാൻ

**ചിത്രീകരണം**

മധേ അരുൺ




विद्यया ऽमृतमश्नुते

एन सी ई आर टी
NCERT

राष्ट्रीय शैक्षिक अनुसंधान और प्रशिक्षण परिषद्
NATIONAL COUNCIL OF EDUCATIONAL RESEARCH AND TRAINING


എല്ലാ വൈകുന്നേരങ്ങളിലെയും പോലെ ഇന്നും പുഷ്പവതി ഭക്ഷണം പാകംചെയ്യാനായി പാത്രം എടുക്കാൻ പോയി.a
അപ്പോൾ അവൾ ഒരു പാമ്പിന്റെ വാലിൽ ചവിട്ടി.
സ്വയരക്ഷയ്ക്കായി പാമ്പ് അവളെ കൊത്തി.



എന്താ പറഞ്ഞത്? പുഷ്പവതിയെ പാമ്പ് കൊത്തിയെന്നോ?
അതെ ചേട്ടാ വേഗം വരൂ.
എന്റീശ്വരാ അവളെ കാത്തോളണേ.
ഇങ്ങനെ പറഞ്ഞുകൊണ്ട് ജഗദീഷ് വീട്ടിലേക്ക് ഓടി.
ജഗദീഷ് വീടിന്റെ വാതിൽക്കൽ നിന്നിരുന്ന ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി അകത്തു കടന്നു.


മധുവമ്മാവൻ കടിയേറ്റ പാടിനുമുകളിൽ ഒരു ടവൽ മുറുകെ കെട്ടി. പുഷ്പവതി അബോധാവസ്ഥയിലായി.
ജഗദീഷ് എന്തുചെയ്യണമെന്നറിയാതെ നിന്നു.
ഈ ധർമ്മസങ്കടത്തിൽ എല്ലാവരും കൂടി അവളെ ഗ്രാമത്തിലെ ഗണേഷ് മന്ത്രവാദിയുടെ അടുത്തേക്ക് കൊണ്ടുപോയി.



മന്ത്രവാദി ഒരു മന്ത്രം ജപിക്കാൻ തുടങ്ങി. പക്ഷെ പുഷ്പവതിയുടെ ശരീരത്തിൽ ഒരനക്കവുമുണ്ടായില്ല. തുടർന്ന് മന്ത്രവാദി അവളുടെ വായിൽ കഷായം ഒഴിക്കാൻ ശ്രമിച്ചെങ്കിലും പല്ലുകൾ ഇറുക്കിപ്പിടിച്ചിരുന്നതിനാൽ കഷായം മുഴുവൻ പുറത്തേയ്ക്കൊഴുകി.






നിർത്തൂ...
നിങ്ങൾ എന്താണ് ചെയ്യുന്നത്?
മന്ത്രവാദി ഞെട്ടിപ്പോയി. എല്ലാവരും ഞെട്ടിത്തിരിഞ്ഞു നോക്കി. അവിടെ രേഖ നിൽക്കുന്നു. രേഖ ഗ്രാമത്തിലെ കൗൺസിലറുടെ മകളാണ്. അവൾ നഗരത്തിൽ പഠിക്കുകയാണ്. പാമ്പുകളെക്കുറിച്ചും മറ്റ് ജീവജാലങ്ങളെക്കുറിച്ചും അവൾക്ക് നല്ല അറിവുണ്ട്.
ഇങ്ങനെ ചെയ്താലൊന്നും അമ്മായി സുഖപ്പെടില്ല. അവരെ വേഗം ആശുപത്രിയിൽ എത്തിക്കൂ.
എന്തുകൊണ്ട് സുഖപ്പെടില്ല. ആശുപത്രിയിൽവച്ച് അവർക്കെന്തെങ്കിലും സംഭവിച്ചാൽ ആരായിരിക്കും ഉത്തരവാദി?
മധുവമ്മാവൻ പറഞ്ഞതുകേട്ട് മന്ത്രവാദി കത്തുന്ന കണ്ണുകളോടെ രേഖയെ നോക്കി. എന്നാൽ രേഖ തന്റെ വാശിയിൽ ഉറച്ചുനിന്നു.
ഞാൻ പറയുന്നത് കേൾക്കൂ, അമ്മായിക്ക് ശരിയായ ചികിത്സ ആശുപത്രിയിൽ മാത്രമേ ലഭിക്കൂ. ഇനി കൂടുതൽ വൈകിക്കരുത്.
ചിലപ്പോൾ നീ പറഞ്ഞത് ശരിയായിരിക്കാം. ഒരു തവണ ഡോക്ടറെ കാണിക്കുന്നതുകൊണ്ട് എന്താ കുഴപ്പം.


സമയം കളയാതെ നമുക്ക് അവരെ അയൽഗ്രാമത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കൊണ്ടുപോകാം.
കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിയ ഉടനെ രേഖ അത്യാഹിതവിഭാഗത്തിൽ വിവരമറിയിക്കയും പുഷ്പവതിയെ അഡ്മിറ്റ് ചെയ്യിക്കുകയും ചെയ്തു.
നിങ്ങൾ വിഷമിക്കാതിരിക്കൂ, ചികിത്സ പൂർത്തിയാകുന്നതുവരെ ആ കാണുന്ന ഹാളിൽ പോയിരിക്കൂ.


ഇവരെ കടിച്ച പാമ്പിനെ നിങ്ങളിൽ ആരെങ്കിലും കണ്ടിരുന്നോ?
ങ്ഹാ ഡോക്ടർ സാർ. അതൊരു കറുത്ത നിറമുള്ള വണ്ണമില്ലാത്ത പാമ്പായിരുന്നു.
അതിനർത്ഥം അതൊരു ശംഖുവരയൻ ആയിരുന്നു.
ഡോക്ടർ ചികിത്സിക്കാനാരംഭിച്ചു. പുഷ്പവതിക്ക് ആന്റി വെനം ഇഞ്ചക്ഷൻ നൽകി.


അപ്പോഴേക്കും സന്ധ്യ രാത്രിയായി മാറിയിരുന്നു. എങ്കിലും എല്ലാവരും അവിടെത്തന്നെ നിൽക്കുകയായിരുന്നു. കൂടാതെ ഇത് ഗ്രാമത്തിലെ കാര്യമായിരുന്നല്ലോ.
ക്രമേണ പുഷ്പവതിയുടെ അവസ്ഥ മെച്ചപ്പെടാൻ തുടങ്ങി. അവർ ബോധം വീണ്ടെടുത്തു.


നിങ്ങളിവരെ കൃത്യസമയത്ത് ഇവിടെ എത്തിച്ചില്ലായിരുന്നെങ്കിൽ ഈ രോഗി മരിച്ചുപോകുമായിരുന്നു.
വാസ്തവത്തിൽ നിങ്ങൾ പാമ്പുകൾ കൂടുതലുള്ള സ്ഥലത്താണ് താമസിക്കുന്നത്.
പാമ്പ് പലപ്പോഴും ഉയരമുള്ള പുല്ല്, ചിതറിക്കിടക്കുന്ന വളച്ചാക്കുകൾ, ഉണങ്ങിയ ഇലകൾ, കമ്പുകൾ, ചാണകക്കുമ്പാരങ്ങൾ എന്നിവിടങ്ങളിലാണ് വസിക്കുന്നത്. അതിനാൽ സ്വയരക്ഷയ്ക്കായി നിങ്ങളുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുക. നിങ്ങൾക്ക് ഈ വിവരങ്ങൾ നിങ്ങളുടെ മൊബൈൽ ഫോണിലും നോക്കാവുന്നതാണ്.


ങ്ഹാ പിന്നെ എപ്പോഴെങ്കിലും ഇത്തരം പ്രശ്നങ്ങളുണ്ടായാൽ ഏതെങ്കിലും മന്ത്രവാദിയുടെ അടുക്കൽ പോകുന്നതിനുപകരം ആരോഗ്യകേന്ദ്രത്തിൽ പോവുക.

മധുവമ്മാവൻ തന്റെ മൊബൈൽ ഫോണെടുത്ത് പാമ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ തിരയാൻ തുടങ്ങി.








ഇന്ത്യയിൽ 276 ഇനം പാമ്പുകളെ കണ്ടുവരുന്നുണ്ട്. അതിൽ ഏകദേശം 60 ഇനങ്ങൾ വിഷമുള്ളവയാണ്. നമ്മുടെ ചുറ്റുപാടും മിക്കപ്പോഴും കാണാൻ കഴിയുന്നത് ശംഖുവരയൻ, മൂർഖൻ, അണലി എന്നിവയാണ്.

പുഷ്പവതിക്ക് ഇപ്പോൾ കുറച്ച് ഭേദമുള്ളതായി തോന്നി. അവർ ഡോക്ടറോട് നന്ദി പറഞ്ഞ് ജഗദീഷിനും രേഖയ്ക്കും മറ്റ് ഗ്രാമീണർക്കുമൊപ്പം വീട്ടിലേക്ക് പോയി.

CELL FOR NATIONAL CENTRE FOR LITERACY

राष्ट्रीय साक्षरता केंद्र–प्रकोष्ठ





















# Story Books

Based on Critical Life Skills












































विद्यया ऽमृतमश्नुते

एन सी ई आर टी
NCERT

राष्ट्रीय शैक्षिक अनुसंधान और प्रशिक्षण परिषद्
NATIONAL COUNCIL OF EDUCATIONAL RESEARCH AND TRAINING